ഉത്തരം

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഓരോ നിയോജക മണ്ഡലത്തിന്റെയും ആസ്തി വികസനത്തിനായി 5 കോടി രൂപ വീതം പ്രതിവർഷം അനുവദിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ കീഴിൽ പൊതുമരാമത്ത് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണ വകുപ്പിന്റെ വ്യക്തമായ ശിപാർശയോടെ ധനകാര്യ വകുപ്പിൽ വരിച്ചതും ധനാനുമതി നൽകിയിട്ടുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്. 2012-13 മുതൽ 2015-16 വരെ കാലയളവിൽ ഇനി ധനാനുമതി നൽകുന്നതിനായി അവശേഷിക്കുന്ന തുക 888 കോടി രൂപയാകുന്നു.

ആസ്തി വികസന ഫണ്ട്

149 (3303) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി വൈകുവാൻ കാലതാമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കാനും കൂടുതൽ സുതാര്യമാക്കാനും തയ്യാറാകുമോ?

ഉത്തരം

(എ & ബി) എം.എൽ.എ.മാരുടെ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലതാമസം കൂടാതെ പുറപ്പെടുവിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണ വകുപ്പുകൾക്ക് നൽകുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly